പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1773 17.03.2015 ൽ മറുപടിയ്ക്ക്

<u>ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും പരിഹാരം കാണുവാനും കർമ്മപദ്ധതി</u>

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
'' വി.റ്റി.ബൽറാം
'' എ.പി.അബ്ദുള്ളക്കുട്ടി
'' പി.എ.മാധവൻ

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും പരിഹാരം കാണുവാനും ഈ ഗവൺമെന്റ് എന്ത് കർമ്മപദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്; | എ) ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും പരിഹാരം കാണുവാനും വേണ്ടി 2011 ലും 2013 ലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണത്തിലും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) കർമ്മപദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിപാടികൾ നടപ്പാക്കുകയുണ്ടായി; | ബി) സാധാരണ ജനങ്ങളുടെ പല പ്രശ്നങ്ങളും നേരിട്ട് മനസ്സിലാക്കാനും അവ പരിഹരിക്കാൻ നിലവിലുള്ള ചില നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്ന് മനസ്സിലാക്കി അവ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ തരത്തിലുള്ള ക്ഷേമ പെൻഷനുകൾ, ചികിത്സാ സഹായങ്ങൾ,നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി തുടങ്ങി പല കർമ്മപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |

| | |
|---|---|
| സി) പരിപാടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | സി) ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) പരിപാടികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും മാറ്റുന്നതിനും ജനങ്ങൾക്കുണ്ടാകുന്ന വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി? | ഡി) ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ നിലവിലുള്ള പല നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 45 പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ